പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1138** 13/06/2013 ൽ മറുപടിയ്ക്ക്

## പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) റവന്യൂ-സർവെ അദാലത്തുകൾ സംഘടിപ്പിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. 14 ജില്ലകളിൽ പ്രീ അദാലത്ത് മീററിംഗ് നടത്തുകയും ഫയൽ തീർപ്പാക്കുന്നതിനെക്കുറിച്ചും അദാലത്ത് നടത്തേണ്ട വിധത്തെക്കുറിച്ചും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ സാദ്ധ്യമാകുന്ന നടപടികൾ പൂർത്തിയാക്കി അന്തിമ ഉത്തരവ് അദാലത്ത് വേളയിൽ പരാതിക്കാരന് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) റവന്യൂ - സർവ്വെ വകുപ്പുകൾ മുഖാന്തിരമാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത് |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഡി) അദാലത്തിന് മുന്നോടിയായി 14 ജില്ലകളിൽ പ്രീ അദാലത്ത് മീറ്റിംഗ് നടത്തിയിട്ടുള്ളതും ഫയൽ തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ